# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ : 3799

26.06.2012-ൽ
മറുപടിക്ക്.

### വ്യവസായ മേഖലയിലെ കേന്ദ്ര നിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) 2010-2011 ൽ കേരളത്തിലെ വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം എത്രയെന്ന് വ്യക്തമാക്കുമോ; | (എ) കെ.എസ്.ഐ.ഡി.സിയുടെ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യവികസനത്തിനായി 31.03.2011 വരെ 2350 ലക്ഷം രൂപ കേന്ദ്ര നിക്ഷേപം ലഭിച്ചിട്ടുണ്ട്.<br><br>2011 മാർച്ച് 31 വരെ കേന്ദ്ര സഹായമായി അടിസ്ഥാന സൗകര്യ വികസനത്തിന് കിൻഫ്രയ്ക്ക് 143.24 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) 2006 മാർച്ച് 31 ൽ സംസ്ഥാനത്തെ വ്യവസായ മേഖലയിൽ ആകെ കേന്ദ്ര നിക്ഷേപം എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) 2006 മാർച്ച് 31 ൽ കെ.എസ്.ഐ.ഡി.സിക്ക് പ്രസ്തുത നിക്ഷേപം 2000 ലക്ഷം രൂപ ആയിരുന്നു.<br><br>2006 മാർച്ച് 31 വരെ കിൻഫ്രയ്ക്ക് കേന്ദ്ര സഹായകമായി അടിസ്ഥാന സൗകര്യ വികസനത്തിന് 57.23 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (സി) 2007-08,2008-09,2009-10 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷത്തേയും വ്യവസായ രംഗത്തെ കേന്ദ്ര നിക്ഷേപം എത്രയെന്നും ഓരോ വർഷവും എത്ര ശതമാനം വീതം വർദ്ധനവ് കേന്ദ്രനിക്ഷേപത്തിൽ ഉണ്ടായെന്നും വ്യക്തമാക്കുമോ; | (സി) മേൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ 2007-08 വർഷം കെ.എസ്.ഐ.ഡി.സിക്ക് കേന്ദ്ര നിക്ഷേപം ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ 2008-09 ൽ 200 ലക്ഷവും 2009-10 ൽ 150 ലക്ഷം രൂപയും ധനസഹായം ലഭിച്ചിട്ടുണ്ട്.<br><br>2007-08 കാലയളവിൽ 28.35 കോടി രൂപയും 2008-09 കാലയളവിൽ 10.94 കോടി രൂപയും (200708 നേക്കാൾ 61.41% കുറവ്) 2009-10 ൽ 12.95 കോടി രൂപയും (2008-09 നേക്കാൾ 18.37% കൂടുതൽ) കേന്ദ്ര സഹായമായി കിൻഫ്രയ്ക്ക് ലഭിച്ചിട്ടുണ്ട്. |

(ഡി) ഈ ഗവൺമെന്റിന്റെ ഒരു വർഷക്കാലത്തെ പ്രവർത്തനത്തിൽ സംസ്ഥാനത്തെ വ്യവസായ രംഗത്ത് കേന്ദ്ര നിക്ഷേപം എത്ര കണ്ടു വർദ്ധിച്ചുവെന്നും ഏതൊക്കെ ഇനത്തിലാണ് കേന്ദ്ര നിക്ഷേപം ലഭിച്ചതെന്നും വ്യക്തമാക്കുമോ?

(ഡി) കെ.എസ്.ഐ.ഡി.സിയുടെ കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിന്റെ വ്യവസായ പാർക്കിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനായി 265 ലക്ഷം രൂപ 2011-12 വർഷത്തിൽ കേന്ദ്രധനസഹായം ലഭിച്ചിട്ടുണ്ട്.

2011-12 ൽ കിൻഫ്രയ്ക്ക് കേന്ദ്ര സഹായമായി ഭക്ഷ്യ സംസ്ക്കരണ മേഖലയ്ക്ക് 1.94 കോടി രൂപയും ബയോടെക്നോളജി ഇൻക്യുബേഷൻ സെന്റർ വികസനത്തിന് 3.00 കോടി രൂപയും കിൻഫ്ര അപ്പാരൽ പാർക്കിലെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ടി 3.00 കോടി രൂപയും എറണാകുളം ജില്ലയിലെ കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിലെ IT പ്രത്യേക സാമ്പത്തിക മേഖലയിലേക്കുള്ള ജലവിതരണ പദ്ധതിക്ക് 2.65 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**